(ഡി) പോലീസ് ഉദ്യോഗസ്ഥരും ഗുണ്ടകളുമായുള്ള ബന്ധത്തെ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്താമോ;

(ഇ) ഗുണ്ടകളും രാഷ്ട്രീയക്കാരും പ്രതികളായുള്ള കേസുകളിൽ എത്രയെണ്ണത്തിന് അന്തിമ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(എഫ്) ഗുണ്ടാ ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സംഘടിതവും അല്ലാതെയുമുള്ള കുലിത്തല്ലുകാരുടേയും സാമൂഹ്യ വിരുദ്ധരുടേയും ആക്രമണ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) രാഷ്ട്രീയക്കാരും സാമൂഹ്യവിരുദ്ധരും കുലിത്തല്ലുകാരുമായി ബന്ധപ്പെട്ട് 6 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഗുണ്ടകളും പോലീസ് ഉദ്യോഗസ്ഥരും പ്രതികളായി കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) പരാതി ലഭിച്ചിട്ടില്ല.

(ഇ) സാമൂഹ്യവിരുദ്ധരും കുലിത്തല്ലുകാരുമായി ബന്ധപ്പെട്ട 2 കേസുകൾ അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(എഫ്) സാമൂഹ്യ വിരുദ്ധരേയും, സംഘടിതവും അല്ലാതെയുമുള്ള കുലി ത്തല്ലു നടത്തുന്നവരേയും റൗഡി ഹിസ്റ്ററി ഷീറ്റുകളിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിക്കുകയും മുൻകരുതൽ അറസ്റ്റ് നല്ല നടപ്പ് (സി.ആർ.പി.സി. 107, 110) തുടങ്ങി നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നു.

വ്യാജ പോസ്റ്റർ സംബന്ധിച്ച അന്വേഷണം

170 [839] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയും ഉത്തരേന്ത്യയിലെ വിവാദ പുരുഷനായ ഒരു തീവ്രവാദി നേതാവും ഒരുമിച്ച് നിൽക്കുന്നതായ ഫോട്ടോ വ്യാജമായി നിർമ്മിച്ച് പോസ്റ്റർ ഉണ്ടാക്കി എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഒട്ടിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോസ്റ്റർ വ്യാജമായി നിർമ്മിച്ച് ഒട്ടിച്ചത് സംബന്ധിച്ച് വിവിധ പത്രങ്ങളിൽ വന്ന വാർത്തകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഈ സംഭവം സംബന്ധിച്ച് പോലീസ് ഏതെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ കേസിലെ പ്രതികളുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഇ) ഇതിനകം പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഇത് സംബന്ധിച്ച് നിയമ സഹായ വേദി ചെയർമാൻ അഡ്വക്കേറ്റ് സ്റ്റീഫൻ റൊസാരിയോ ബഹു. തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കിയ അന്യായം സി.എം.പി. നം. 2203/04 ആയി ഫയലിൽ സ്വീകരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിലേക്കായി വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ അയച്ചു കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ക്രൈം. നം. 132/04. യു/എസ്/120. ബി, 465, 471 ആന്റ് 34. ഐ.പി.സി. പ്രകാരം 31-5-2004-ന് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) കേസ് അന്വേഷണം നടത്തിവരുന്നു. പ്രതികളെപ്പറ്റി അറിവായിട്ടില്ല.

(ഇ) ഉത്തരം 'ഡി'-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പോലീസ് സേനയിലെ ആധുനികവൽക്കരണ നടപടി

171 [840] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഇനി സ്വീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി ആകെ എന്ത് ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി കേന്ദ്ര സഹായ പദ്ധതികളായ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് സ്കീം, പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവയിലൂടെ പുതിയ വാഹനങ്ങളും, ആധുനിക ഉപകരണങ്ങളും വാങ്ങിയും, പുതിയ കെട്ടിടങ്ങൾ പണികഴിപ്പിച്ചും, കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ കമ്മ്യൂണിക്കേഷൻ സംവിധാനം മെച്ചപ്പെടുത്തിയും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനായി മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പദ്ധതി പ്രകാരം 206.50 കോടി രൂപയും, പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2237.258 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) തുടങ്ങിവച്ച നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

(ഡി) 2004-05 വർഷത്തെ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പദ്ധതിക്ക് ഡി. ജി. പി. സമർപ്പിച്ച 63 കോടി രൂപയുടെ ആക്ഷൻ പ്ലാൻ പരിശോധിച്ചുവരുന്നു. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 34870.84 ലക്ഷം രൂപയുടെ പദ്ധതിയാണ് അടുത്ത അഞ്ച് വർഷത്തേക്ക് പ്രതീക്ഷിക്കുന്നത്.

മയക്കുമരുന്നു കടത്ത് സംബന്ധിച്ച കേസുകൾ

172 [846] ശ്രീ. വി. ഡി. സതീശൻ:

„ അടൂർ പ്രകാശ്:

„ എ. പി. അനിൽകുമാർ:

„ ഇ. എം. അഗസ്തി:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നു കടത്തുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത് സംബന്ധിച്ച് നിലവിൽ എത്ര കേസുകൾ കോടതിയുടെ പരിഗണനയിലുണ്ട്;

(ബി) എത്രയെണ്ണം വിസ്താരത്തിലുണ്ട്; ഇവ ഫയൽ ചെയ്തിട്ട് എത്ര കാലം കഴിഞ്ഞു എന്നു വ്യക്തമാക്കുമോ;

(സി) ഈ കേസുകളുടെ അന്വേഷണം പൂർത്തിയാക്കുവാൻ എന്തു തടസ്സമാണുള്ളത് എന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1,034 കേസുകൾ

(ബി) 2003 മുതൽ 2004 വർഷം വരെ—377 കേസ്

2001 മുതൽ 2002 വർഷം വരെ—310 കേസ്

1997 മുതൽ 2000 വർഷം വരെ—347 കേസ്

(സി) കേസുകളുടെ രാസപരിശോധനാ ഫലം സ്കെച്ച് പ്ലാൻ എന്നിവ ലഭിക്കുന്നതിന് അൽപം കാലതാമസം ഉണ്ടാകാറുണ്ട്. എന്നാൽ ഈ വിധത്തിലുള്ള കേസുകൾ കാലവിളംബം കൂടാതെ കോടതിയിൽ ചാർജ് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കേസന്വേഷണത്തിൽ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മയക്കുമരുന്ന് കടത്ത്

173 [847] ശ്രീ. എ. കെ. മണി:

" കെ. എ. ചന്ദ്രൻ:

" എൻ. ഡി. അപ്പച്ചൻ:

" ഡി. സുഗതൻ:

" ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മയക്കുമരുന്നു കടത്തുകയോ സ്റ്റോറു ചെയ്യുകയോ, കൈവശം വയ്ക്കുകയോ ചെയ്ത കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇതിൽ എത്ര കേസുകൾ കണ്ടുപിടിക്കപ്പെട്ടു എന്നു വിശദമാക്കാമോ;

(ബി) കണ്ടെത്തിയ മയക്കുമരുന്നുകളുടെ വില എത്രയെന്നും ഇവ എന്ത് ചെയ്തുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1,256 കേസുകൾ.

(ബി) പിടിച്ചെടുത്ത മയക്കുമരുന്ന് ഓപ്പൺ മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ യഥാർത്ഥ വില കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വില കണക്കാക്കാൻ കഴിഞ്ഞവയ്ക്ക് ഉദ്ദേശം 2,80,06,246 രൂപ വില വരുമെന്ന് കരുതുന്നു. പിടിച്ചെടുത്ത മയക്കുമരുന്നുകൾ യഥാസമയം കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ കീടനാശിനി പ്രയോഗംമൂലം ദുരിതമനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം

174 [861] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡു ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ കീടനാശിനി പ്രയോഗംമൂലം ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടി ഈ സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) ദുരിതമനുഭവിക്കുന്നവർക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) ഏറ്റവും അധികം ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളെ അവരുടെ ആരോഗ്യ പരിരക്ഷ പരിഗണിച്ച് പുനഃരധിവസിപ്പിച്ചുകൊണ്ട് സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) കാസർഗോഡു ജില്ലയിൽ എൻഡോസൾഫാൻ പ്രയോഗം മൂലം ജനങ്ങൾ ദുരിതമനുഭവിക്കുന്നതായി വിദഗ്ദ്ധ കമ്മിറ്റികളുടെ പഠനത്തിൽനിന്നും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. എങ്കിൽ പോലും 23-12-2000-നു ശേഷം പ്ലാന്റേഷൻ കോർപ്പറേഷൻ വക ഒരു എസ്റ്റേറ്റിലും എൻഡോസൾഫാൻ തളിക്കുന്നില്ല. കാസർഗോഡു ജില്ലയിലെ പെരിയ ഡിവിഷനിൽ 5 കൊല്ലത്തേക്ക് കീടനാശിനികൾ തളിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

പാന്ത്രെ വില്ലേജിലെ ആരോഗ്യപ്രശ്നങ്ങൾമൂലം ദുരിതം അനുഭവിക്കുന്നവർക്ക് ആവശ്യമായ ചികിത്സയും മരുന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ജില്ലാ പഞ്ചായത്ത് വികലാംഗ കോർപ്പറേഷനുമായി സഹകരിച്ച് പുനഃരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

വയനാട് ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനം

175 [868] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിന് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും എത്ര റാങ്ക് വരെ ഉള്ളവരെ നിയമിച്ചു;

(ബി) ഈ ലിസ്റ്റിൽനിന്നും നിയമനം തുടങ്ങിയിട്ടില്ലെങ്കിൽ കാല താമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിനായി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) പ്രസ്തുത ജില്ലയിലെ ഏതെല്ലാം വകുപ്പുകൾ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിനുള്ള ഒഴിവുകൾ പി.എസ്.സി.-ക്കു നിലവിൽ റിപ്പോർട്ട് ചെയ്യാതെയുണ്ട്;

(ഇ) ഈ വകുപ്പുകളിലേക്കുള്ള ഒഴിവുകളുടെ വിവരം പി.എസ്.സി.-യെ അറിയിക്കാത്തതെന്തുകൊണ്ടാണ്;

(എഫ്) പ്രസ്തുത വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റിന്റെ ഒഴിവുകളിൽ താൽക്കാലിക നിയമനമോ ഡെയിലിവേജസുകാരുടെ നിയമനമോ കോൺട്രാക്ട് നിയമനമോ നടത്തി ഒഴിവ് ഇല്ലാതാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ വിശദാംശം നൽകുമോ;

(എച്ച്) ഇത്തരത്തിലുള്ള നിയമനം നടത്തിയിട്ടുള്ളപക്ഷം അവരെ പിരിച്ചുവിട്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കാൻ നിർദ്ദേശം നൽകുമോ;

(ഐ) ഈ പോസ്റ്റിലേക്കുള്ള നിയമനത്തിന് തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിന്റെ കാലാവധി സാധാരണഗതിയിൽ എന്നു തീരുമെന്ന് പറയാമോ?

ഉത്തരം

(എ ആന്റ് ബി) വയനാട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് നിയമനത്തിന് 16-4-2004-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും 21-6-2004 വരെ 65 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(സി) 80 ഒഴിവുകൾ.

(ഡി ആന്റ് ഇ) നിലവിലുള്ള എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) വയനാട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് (വിവിധ വകുപ്പുകൾ) തസ്തികയ്ക്ക് 16-4-2004-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന് 15-4-2007 വരെ കാലാവധിയുണ്ട്.

തിരുവനന്തപുരം, പാലക്കാട് ജില്ലകളിലേക്കുള്ള എൽ.ഡി.സി. ലിസ്റ്റ്

176 [869] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, പാലക്കാട് ജില്ലകളിലേക്കുള്ള എൽ.ഡി.സി.-യുടെ പി.എസ്.സി. ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേർ നിയമിച്ചു;

(സി) നാളിതുവരെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അതിൽ എത്ര പേർക്ക് അഡ്വൈസ് നൽകിയിട്ടുണ്ട്;

(ഡി) വിവിധ വകുപ്പുകൾ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വിവിധ വകുപ്പുകളിലെ ഒഴിവുകൾ ഉടൻതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പുകൾക്ക് അടിയന്തിര നിർദ്ദേശം നൽകുമോ;

(എഫ്) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത കാലാവധികൂടെ നിലവിലെ ലിസ്റ്റിന്റെ കാലാവധിയിൽ ഉൾപ്പെടുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ജി) തിരുവനന്തപുരം ഉൾപ്പെടെയുള്ള ജില്ലകളിൽ എൽ.ഡി.സി. ലിസ്റ്റ് പുറപ്പെടുവിച്ച് അഞ്ചുമാസം കഴിഞ്ഞിട്ടും നിയമനനടപടികൾ തുടങ്ങാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് തസ്തികയ്ക്കുള്ള റാങ്ക് ലിസ്റ്റ് തിരുവനന്തപുരം ജില്ലയിൽ 31-12-2003-നും പാലക്കാട് ജില്ലയിൽ 27-12-2003-നും നിലവിൽ വന്നു.

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും നാളിതുവരെ പാലക്കാട് ജില്ലയിൽ 111 പേർക്ക് നിയമന ശുപാർശ നൽകിക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ 160 പേർക്ക് നിയമന ശുപാർശ നൽകുന്നതിനുള്ള നടപടി ധൃതഗതിയിൽ സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനത്തിനായി തിരുവനന്തപുരം ജില്ലയിൽ 160-ഉം പാലക്കാട് ജില്ലയിൽ 134-ഉം ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ പാലക്കാട് ജില്ലയിൽ 111 പേർക്ക് നിയമന ശുപാർശ നൽകി.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കാലാകാലങ്ങളിൽ ഉണ്ടാകുന്ന, പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന കർശന നിർദ്ദേശം നിലവിലുണ്ട്.

(എഫ്) ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് വരുന്നുണ്ട്.

(ജി) തിരുവനന്തപുരം ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ നിയമന ശുപാർശ നടത്തുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു എന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly